17/10/25

TM253383F

Reg. No :.....

Name .....

MASTER'S DEGREE (C.S.S) EXAMINATION, OCTOBER 2025

2024 ADMISSIONS REGULAR

SEMESTER III - CORE COURSE

MA3C12M - Malayala Bhasha Vyakaranam

Time : 3 Hours

Maximum Weight : 30

Part A

I. Answer any Eight questions. Each question carries 1 weight (8x1=8)

1. സംസ്കൃതവ്യാകരണത്തിലെ വേദാംഗങ്ങൾ എത്ര? ഏതെല്ലാം?
2. വ്യാകരണം എന്നാൽ എന്ത്? വ്യാകരണത്തിൻറെ ധർമ്മങ്ങളെന്തെല്ലാം?
3. രചനാന്തരണ - പ്രജനക വ്യാകരണത്തിലെ അടിസ്ഥാനസങ്കല്പങ്ങളേവ?
4. 'അതിനെ സ്വരമായിട്ടേ വകവയ്ക്കണ്ട സന്ധിയിൽ ' - ഏതിനെ?
5. ചില്ലുകൾഎന്നാലെന്ത്? ചില്ലുകളുടെ സവിശേഷതകൾ എന്തെല്ലാം ?
6. സംബന്ധികാവിഭക്തിക്ക് കാരകമില്ലാത്തതെന്തുകൊണ്ട്?
7. നിഗീർണ്ണകർതൃകമെന്നാലെന്ത്? നിഗീർണ്ണകർതൃകത്തിന് വിധിക്കപ്പെട്ടിരിക്കുന്ന കാരകമേതെന്ന് വിശദീകരിക്കുക.
8. നിപാതം, അവ്യയം എന്നിവയെ പരിചയപ്പെടുത്തുക.
9. അംഗക്രിയ - അംഗിക്രിയ എന്നിവ നിർവചിക്കുക.
10. ആഖ്യ, ആഖ്യാതം ഇവ എന്തെന്ന് വിശദമാക്കുക.

Part B

II. Answer any Six questions. Each question carries 2 weight (6x2=12)

11. വ്യാകരണപഠനത്തിലെ വിവിധ സമീപനരീതികളെക്കുറിച്ച് വിശദീകരിക്കുക.
12. മലയാളത്തിലെ പ്രധാന വ്യാകരണ ഗ്രന്ഥങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുക.
13. വ്യാകരണവും ഭാഷാശാസ്ത്രവും തമ്മിലുള്ള ബന്ധം താരതമ്യം ചെയ്യുക.
14. മലയാളത്തിലെ അക്ഷരമാലയെ കേരളപാണിനി വർഗ്ഗീകരിച്ചിരിക്കുന്നതെങ്ങനെ ?
15. വ്യഞ്ജനങ്ങളെ കേരളപാണിനി വർഗ്ഗീകരിച്ചിരിക്കുന്നത്തിൻറെ അടിസ്ഥാനമെന്ത്?
16. തദ്ധിതങ്ങളെന്നാലെന്ത്? ഓരോന്നും ഉദാഹരണസഹിതം വിവരിക്കുക.
17. കാലപ്രത്യയങ്ങളുടെ നിഷ്പത്തി സംബന്ധിച്ച അഭിപ്രായങ്ങൾ സംഗ്രഹിക്കുക.
18. വ്യാക്ഷേപകത്തെക്കുറിച്ചുള്ള കെ എം പ്രഭാകരവാര്യരുടെ വിലയിരുത്തലുകൾ ക്രോഡീകരിക്കുക.

Part C

III. Answer any Two questions. Each question carries 5 weight (2x5=10)

19. കേരളപാണിയുടെ അഭിപ്രായത്തിൽ സന്ധി എന്നാൽ എന്ത്? എത്രയായി വിഭജിച്ചിരിക്കുന്നു? ഓരോന്നിനും രണ്ട് ഉദാഹരണം വീതം എഴുതുക.
20. വചനപ്രത്യയങ്ങളുടെ രൂപപരിണാമം ചർച്ച ചെയ്യുക.
21. കാലപ്രത്യയങ്ങളെ സംബന്ധിച്ച പ്രയോഗവിധികൾ വിശദീകരിക്കുക.
22. വിവർത്തന പ്രക്രിയയ്ക്ക് ഏ ആർ ചൂണ്ടിക്കാണിക്കുന്ന വ്യാകരണ പ്രാധാന്യമെന്ത്?